## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 459** **28-06-2022 - ൽ മറുപടിയ്ക്ക്**

## എം.എൽ.എ ഫണ്ടുകൾ ഉപയോഗിച്ചുള്ള പദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | എം.എൽ.എ.യുടെ എസ്.ഡി.എഫ് , എൽ.എ.സി -എ.ഡി.എസ് എന്നിവ ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകൾക്ക് ഏതൊക്കെ പദ്ധതികൾ അനുവദിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ; | (എ) | നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി) നം.119/2018/ധന അനുബന്ധം 1 ക്രമ നമ്പർ (xi) പ്രകാരം, എയ്ഡഡ് സ്കൂളിന് ഒന്നിന് ഒരു വർഷം 10 ലക്ഷം രൂപയിൽ അധികരിക്കാത്ത എസ്റ്റിമേറ്റ് തുകയ്ക്കുള്ള ടോയ് ലെറ്റുകൾ/ പാചകപ്പുര എന്നിവ നിർമ്മിക്കുന്നത് അനുവദനീയമാണ്. 18.08.2017 തീയതിയിലെ സ.ഉ(അച്ചടി)നം.109/2017/ ധന പ്രകാരം, സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ നവീകരണത്തിനായി രൂപീകരിച്ച ചലഞ്ച് ഫണ്ട് പദ്ധതിയ്ക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന അനുബന്ധം 1, ക്രമ നമ്പർ 29, 30, 31 എന്നിവ പ്രകാരം, സർക്കാർ/എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് കമ്പ്യൂട്ടറുകൾ, അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ, സ്മാർട്ട് ക്ലാസ്സ് റൂമുകളുടെ നിർമ്മാണം, ടോയ് ലെറ്റുകൾ , ടോയ്‌ലെറ്റുകളോട് ചേർന്ന് സാനിറ്ററി നാപ്കിൻ വെൻഡിംഗ് ഡിസ്ട്രോയർ മെഷീനുകൾ സ്ഥാപിക്കൽ, പാചകപ്പുരകൾ എന്നിവയുടെ നിർമ്മാണം, കുടിവെള്ളമെത്തിക്കുന്നതിനുള്ള പൈപ്പിടൽ, ടാങ്ക് നിർമ്മാണം/വാങ്ങൽ, വാട്ടർ പ്യൂരിഫയർ വാങ്ങൽ, വാട്ടർ റീ-ചാർജ്ജിംഗ് |

| | | | |
|---|---|---|---|
| | | | സൗകര്യമൊരുക്കൽ, കുഴൽ കിണർ നിർമ്മിക്കൽ തുടങ്ങിയവ അനുവദനീയമാണ്. |
| (ബി) | ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് എം.എൽ.എ.യുടെ എസ് .ഡി.എഫ്,എൽ.എ.സി- എ.ഡി.എസ് ഫണ്ടുകൾ ഉപയോഗിച്ച് ഏതൊക്കെ പദ്ധതികൾ അനുവദിക്കുവാൻ കഴിയുമെന്ന് വിശദമാക്കുമോ? | (ബി) | എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയുടെ നിലവിലെ മാർഗ്ഗരേഖയായ 29.12.2017 തീയതിയിലെ സ.ഉ(അച്ചടി) നം.161/2017/ധന അനുബന്ധം 1 ക്രമ നമ്പർ 39 പ്രകാരം, സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അംഗീകാരമുള്ള ലൈബ്രറികൾക്ക് കമ്പ്യൂട്ടറുകൾ, എൽ.സി.ഡി. പ്രൊജക്ടർ, വൈ ഫൈ, മൈക്ക് സെറ്റ് എന്നിവ വാങ്ങാവുന്നതാണ്. കൂടാതെ 27/05/2019 തീയതിയിലെ സ.ഉ(അച്ചടി) നം.60/2019/ധന പ്രകാരം ഗ്രന്ഥശാല സംഘത്തിന്റെ അംഗീകാരമുള്ള വായനശാലകളുടെയും ഗ്രന്ഥശാലകളുടെയും നിർമ്മാണത്തിന് എം.എൽ.എ യുടെ പ്രത്യേക വികസന നിധിയിൽ നിന്നും തുക വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവായിട്ടുണ്ട്. നിയോജകമണ്ഡല ആസ്തി വികസന പദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖയായ 04.08.2018 തീയതിയിലെ സ.ഉ(അച്ചടി)നം.119/2018/ധന അനുബന്ധം 1ൽ (അനുവദനീയമായ പ്രവൃത്തികൾ) ലൈബ്രറി കൗൺസിൽ അംഗീകാരമുള്ള ലൈബ്രറികൾക്കുള്ള പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ